**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1368** **18-01-2021 - ൽ മറുപടിയ്ക്ക്**

**കൈയേറ്റ ഭൂമി തിരിച്ചുപിടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി കൈവശംവെച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | (എ)സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15-ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസിനെ 25.04.2013ലെ ജി.ഒ(എം.എസ്സ്)161/2013/ ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ടി കമ്പനികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ബഹു.ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11.04.2018-ൽWP(c)33122/2014&Ors കേസുകളിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള ജൂറിസ്ഡിക്ഷൻ ഇല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ 17.09.2018-ൽ |

| | | | |
|---|---|---|---|
| | | | വിശദമായ വാദം കേൾക്കാതെ തന്നെ തള്ളുകയാണുണ്ടായത്. ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന് അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ടും കേരള ലാന്റ് ടാക്സ് ആക്ട് പ്രകാരം "ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്കു വിധേയം" എന്ന വ്യവസ്ഥയോടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനായി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകികൊണ്ടും 06.06.2019 ൽ സ.ഉ(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽ നിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 ടൈറ്റിൽ കേസുകൾ നിലവിൽ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. മറ്റുജില്ലകളിലും ടൈറ്റൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര യോഗങ്ങൾ നടത്തിയെന്നും യോഗങ്ങളിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ? | (ബി) | (ബി) തർക്കഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06.06.2019ൽ പുറപ്പെടുവിച്ച സ.ഉ(കൈ) 172/2019/റവ നമ്പർ ഉത്തരവിൻപ്രകാരം സ്വീകരിച്ചുവരുന്ന നടപടികളുടെ |

| | | | |
|---|---|---|---|
| | | | പുരോഗതി അവലോകനം ചെയ്യുന്നതിന് 14/09/2020ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരം ജില്ലാ കളക്ടർമാരുടെ ഒരു യോഗം ചേരുകയുണ്ടായി. ഓരോ ജില്ലയിലും ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് ടൈറ്റിൽ കേസ് സമയബന്ധിതമായി ഫയൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാനും, ഓരോ ജില്ലയിലും കേസ് ഫയൽ ചെയ്യുന്നതിലെ പുരോഗതി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഓരോ മാസവും വിലയിരുത്തി സർക്കാരിൽ നിശ്ചിത ഫോർമാറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ 500 ഏക്കറിന് മുകളിൽ വിസ്തീർണ്ണമുള്ള തോട്ടങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റും സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് കൈമാറുകയുണ്ടായി. |

സെക്ഷൻ ഓഫീസർ